# നവമാധുരി

## അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂളിന്റെ പേര് : മുല്ലക്കര LPS.

വിഭാഗം : L.P

വിഷയം : മലയാളം, ഗണിതം, ഇംഗ്ലീഷ്

പ്രവർത്തനത്തിന്റെ പേര് : നവമാധുരി

## അവസ്ഥാവിശകലനം

| ക്ലാസ് | ആകെ കുട്ടികൾ | വായന | എഴുത്ത് | ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രവർത്തനവിശകലനം |
|---|---|---|---|---|
| II | 11 | 3 | 4 | 3 |
| III | 11 | 3 | 4 | 3 |
| IV | 8 | 2 | 3 | 2. |

## വിശകലന പ്രസ്താവനകൾ

30% പേരും വായനയിലും ലേഖനത്തിലും

പിന്നോക്കം നിൽക്കുന്നു.

## പ്രതീക്ഷിത പഠനനേട്ടം

വായനയിലും ലേഖനത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുക. ചതുഷ്ക്രിയയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരവും ഉയർത്തുന്നു.

# മലയാളം

* എല്ലാ കുട്ടികൾക്കും വായിക്കുന്നതിനാവശ്യമായ പുസ്തക ശേഖരം ക്ലാസിൽ ഉണ്ടാക്കുന്നു. (വായനക്കൂടാരം)
* കുട്ടികളുടെ വായന പ്രക്രിയയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. [വീടൊരുക്കം]
* രക്ഷിതാക്കൾക്ക് കഥാ വായനയിൽ പരിശീലനം നൽകുന്നു.
* വെള്ളിയാഴ്ച പുസ്തക വിതരണം.
* ക്ലാസ് വായനച്ചാർട്ട് [കുട്ടി വായിച്ചു കേട്ട പുസ്തകങ്ങളുടെ പേരുകൾ കുട്ടിയുടെ പേരിന് നേരെ എഴുതൽ.]
* വായന മോഹം ഉണ്ടാക്കൽ. [ടീച്ചർ വായന താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ പുസ്തകം പരിചയപ്പെടുത്തൽ.]
* രക്ഷിതാക്കൾ കഥകൾ വായിക്കുന്നതിന്റെയും കേട്ട കഥ കുട്ടി കഥാപുസ്തകം കാണിച്ച് പറയുന്നതിന്റെയും വീഡിയോ ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ.

# ENGLISH

## AIM

To speak, Read and write English without any mistakes.

* To Develop listening skills.
  Games, Action song.
  * Hello English Activities.
  * Use ICT
* Identify the letters.
* Identify simple words
* Develop the creative speaking and Reading skills.
  * Books reading.
  * Find words
  * Rhyming words.
  * T.B Activities.
* Make letter chain.
* Word chain.
* Add more lines.

# Reading Skills

* Library book reading.
* Diary
* News reading.
* To improve Presentation Power.

# ഗണിതം

* ഗണിത മാഗസിൻ
* ജ്യാമിതീയ രൂപങ്ങളുടെ നിർമാണം
* ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ
* ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകൾ, ഗണിത പസിലുകൾ)
* രസകരമായി ഗണിത പഠനം.

[വിവിധതരം കളികൾ അവതരണം ചെയ്യൽ].

ഏണിയും പാമ്പും കളി

* ഗണിത രൂപങ്ങൾ ഉപയോഗിച്ച് ഗണിതച്ചുമർ ഒരുക്കൽ.
* പാറ്റേൺ, പസിൽ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം.

# മലയാള മധുരം

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു. സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

**സംയുക്ത ഡയറി** - സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

**പാട്ടരങ്ങ്** - താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു.

**സചിത്ര പുസ്തകം** - രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

**റീഡേഴ്സ് തിയേറ്റർ** - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

# നാട്ടുവിശേഷം കൂട്ടെഴുത്ത്

പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

**ക്ലാസ് പത്രം** - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.

**രചനോത്സവം** - എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

**വായനോത്സവം** - എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരായി മാറ്റുന്നു. കുട്ടികളിൽ വായനാശീലം വളർത്തുന്നു.

**ഗണിത കേളികൾ** - കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു. ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു.

**ഗണിത കിറ്റ്** - 10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാകുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ ഗണിത കിറ്റുകൾ തയ്യാറാക്കുന്നു.

**പരീക്ഷണങ്ങൾ** : ശാസ്ത്രപഠനം അനിവാര്യമാക്കുന്നു.

**പാനീയമേള, ഭക്ഷ്യമേള** : ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണ് എന്ന് തിരിച്ചറിയുന്നതിനും. നമ്മുടെ ആരോഗ്യത്തിന് ഏതൊക്കെ ഭക്ഷണ പദാർത്ഥങ്ങളാണ് നല്ലതെന്നും ഉള്ള തിരിച്ചറിവ്.

# ആമുഖം

ആശയാവതരണ രീതി പ്രകാരമുള്ള ഭാഷാപഠനത്തിൽ ആധികാരിക വായന സാമഗ്രികൾക്ക് നിർണായക പങ്കാണുള്ളത്. കുട്ടികളിൽ വായനക്കമ്പം സൃഷ്ടിക്കണം പുസ്തകങ്ങളിൽ തങ്ങൾക്ക് ഇഷ്ടപ്പെട്ട കഥകളും പാട്ടുകളുമൊക്കെയാണെന്നും അവ തനിയെ ആസ്വദിക്കാനായി വായന പഠിക്കേണ്ടതുണ്ടെന്നുമുള്ള ആന്തരിക പ്രചോദനം ഉണ്ടാകണം. കുട്ടികളെ ബാലസാഹിത്യ കൃതികളുമായി അടുപ്പിക്കുന്നതിന് പല രാജ്യങ്ങൾക്കും ആസൂത്രിത പദ്ധതിയുണ്ട്.

# STD - III [English]

Aim : To speak, Read and write English without any mistakes.

June → Pre-test - To develop listening skills and reading skills first.

→ Listening skill - Games, Action songs, Hello English activities, conversations, skit stories etc.

→ Speaking skills - Descriptions, growing sentences Picture reading, picture description, self-introduction, Assembly activities - Speech, book review, Quiz - riddles school radio etc, Uses of ICT.

July, August, September → Reading skills : Newspaper reading, library books reading, book review, find words Collect and read past tense, rhyming words, describing words etc..

Writing skills : Make word web, picture description, word chain, make riddles, conversations, Add more lines, develop stories, diary, letter, notice proclamation.

# പരിസരപഠനം - III

ലക്ഷ്യങ്ങൾ: പരിസരപഠനത്തിൽ ഔത്സുക്യം വളർത്തുന്നതിനായി ഫീൽഡ്ട്രിപ്പുകൾ, പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ, പട്ടികപ്പെടുത്തൽ, ചർച്ചകൾ എല്ലാം നൽകുന്നതിലൂടെ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുക.

ചുറ്റുപാടും പലതരത്തിലുള്ള ജീവികളും ജീവജാലങ്ങളും ഉണ്ടെന്നും അവയുടെ വാസസ്ഥലങ്ങൾ വ്യത്യസ്തമാണെന്നും മനസ്സിലാക്കാൻ സാധിക്കുന്നു. പലതരം സസ്യങ്ങളുണ്ടെന്നും അവയെല്ലാം വ്യത്യസ്തമായിട്ടിരിക്കുന്നുവെന്നും കുട്ടികൾക്ക് നിരീക്ഷണപ്രക്രിയയിലൂടെ കണ്ടെത്താൻ സാധിക്കുന്നു.

* ചിത്ര നിരീക്ഷണം, വായന
* പട്ടികപ്പെടുത്തൽ
* നിരീക്ഷണം
* വിവരങ്ങൾ ശേഖരിക്കൽ
* തരംതിരിക്കൽ

# ഗണിതം - III

ലക്ഷ്യങ്ങൾ : ഗണിത പഠനം രസകരമാക്കൽ [ചതുഷ്‌-ക്രിയകൾ ലളിതമാക്കൽ]

* ഗണിതശാസ്ത്ര പഠനം രസകരമായ കളികളിലൂടെ പഠിക്കുന്നു [ഒരു, ചലന ശേഷി വികാസം]

* മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കുന്നതിനുള്ള ശേഷി ഉറപ്പിക്കൽ [പ്രവർത്തനം : കൂട്ടങ്ങളാക്കാം, ക്രമീകരിക്കാം :- സംഖ്യകളെ ആരോഹണ ക്രമീകരിക്കാം]

* ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ

* ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണശാല സംഘടിപ്പിക്കുന്നു.

* കളികളിലൂടെ പഠിക്കുന്നു.

# STD - III [മലയാളം]

ലക്ഷ്യങ്ങൾ — പ്രവർത്തനങ്ങൾ

=> സാഹിത്യപ്രതിഭകളെ അടുത്തറിയാം :- കവികളെ കുറിച്ചു-
ള്ള ഡോക്യുമെന്ററി പ്രദർശനം.

: പുസ്തക ശേഖരണവും പ്രദർശനവും.

: ചിത്ര ഗാലറി.

=> വായന പരിപോഷണം :- പൊതു സമൂഹവുമായി
ബന്ധപ്പെട്ട് പുസ്തകശേഖരണം.

: വായനാക്കുറി.

: നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമാ-
യുള്ള സംവാദം.

## മലയാളം Std- 3

ലക്ഷ്യങ്ങൾ → പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി കുട്ടികൾ സംഘപ്രവർ-ത്തനങ്ങളിലേർപ്പെട്ട്, ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കുകയും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

- കവിതകളും, പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും. (വിവരണം, സംഭാഷണം)
- പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ എന്നിവയിലൂടെ അവതരിപ്പിക്കുന്നു.

1. കനകച്ചിലങ്ക

- നാടൻ പാട്ടുകൾ - ശേഖരണം
- പഴഞ്ചൊല്ലുകൾ - ശേഖരണം
- കഥാശേഖരണം - ക്ലാസ് ലൈബ്രറി നവീകരണം
- താളം കണ്ടെത്തൽ
- കലയിലെ കേമൻ, കലാകാരനെ കണ്ടെത്തൽ.
- കലാ രൂപങ്ങൾ, ചിത്ര ആൽബം

2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കി വെക്കുന്നു.
- ലൈബ്രറി നവീകരണം
- പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ
- കടങ്കഥകൾ, മാതൃകകൾ
- അഭിമുഖം
- സ്കൂൾ പത്രം
- വിദ്യാലയ ശുചിത്വ പരിപാടികൾ ആസൂത്രണം ചെയ്യൽ

3. മനുഷ്യന്റെ മൈകകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷി ചൊല്ലുകൾ എന്നിവ ശേഖരിക്കൽ
- കുട്ടിക്കളികൾ, കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ, വിവരണം, പഠനം
- നാടൻപാട്ട് ശില്പശാല

CPTA

- നാടോടിക്കഥകളുടെ ശേഖരണം, അവതരണം
- നാടൻ പാട്ടുകളുടെ അവതരണം

# Std IV English

Aim - To speak, Read, & write English without any mistakes

June → Pretest - To develop listening skills & reading skills first

→ Listening skill — Games, Action Songs, Hello English activities, Conversations, skit stories etc

→ Speaking skills - Descriptions, growing sentences, picture reading, picture description, Self introduction, Assembly activities - Speech, book review, Quiz - riddles, School radio etc, uses of ICT

July, August, September → Reading Skills - News paper reading, library books reading, book review, find words, Collect and read past tense, rhyming words, describing words etc..

Writing skills → Make word web, picture description, word chain, make riddles, conversations, Add more lines, develop stories, notice proclamation, diary, letter

## EVS - IV

ലക്ഷ്യങ്ങൾ → പരിസരപഠനത്തിൽ
താൽപര്യം വളർത്തുന്നതിനായി
ഫീൽഡ്ട്രിപ്പുകൾ, നിരീക്ഷണങ്ങൾ,
പരീക്ഷണങ്ങൾ, ചർച്ചകൾ,
പട്ടികപ്പെടുത്തലുകൾ എല്ലാം
നൽകുന്നതിലൂടെ പരിസ്ഥിതി
സംരക്ഷണത്തിന്റെ പ്രസക്തി
മനസിലാക്കുക.

ചുറ്റുപാടും പലതരത്തിലുള്ള ജീവികളും, ജീവജാലങ്ങളും ഉണ്ടെന്നും, അവയുടെ വാസസ്ഥലങ്ങൾ വ്യത്യസ്തമാണെന്നും അവയുടെ ശാരീരിക പ്രത്യേകതകൾ പലവിധമാണെന്നും കുട്ടി കണ്ടെത്തുന്നു. പക്ഷിക്കൂടുകൾ നിരീക്ഷിക്കുവാനും പക്ഷികളെയും ജീവജാലങ്ങളെയും തരംതിരിക്കുവാനും നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുവാനും കുട്ടിയെ സജ്ജമാക്കുന്നു.

- ചിത്രനിരീക്ഷണം, വായന
- ഫീൽഡ് ട്രിപ്പുകൾ
- പട്ടികപ്പെടുത്തൽ
- തരംതിരിക്കൽ
- വിവരങ്ങൾ ശേഖരിക്കൽ
- നിരീക്ഷണം
- ചർച്ച
- പോസ്റ്റർ നിർമ്മാണം

# Std IV - മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | → ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ തയ്യാറാക്കൽ |
| • വായനാശേഷി വളർത്തൽ | → ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി തയ്യാറാക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ് തയ്യാറാക്കൽ, സംവാദം, |
| • എഴുത്ത് പരിപോഷിപ്പിക്കൽ | |
| • എഴുത്തുകാരുമായി സംവദിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ | → പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ |
| • ലേഖനശേഷി വർദ്ധിപ്പിക്കൽ | → സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ |
| • അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ ICT | → പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ |
| • സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | → ഓർമ്മദിനങ്ങൾ ആചരിക്കൽ |

# ഗണിതം - IV

ലക്ഷ്യങ്ങൾ –
- ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ)
- ഗണിതശാസ്ത്രപഠനം രസകരമായ കലകളിലൂടെ പഠിക്കുന്നു. (കര, ചലന ശേഷി വികാസം)
- ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ
- ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ
- പഠനോപകരണങ്ങളിലൂടെ ഗണിതം രസകരമാക്കൽ.
- ഒറിഗാമിയിലൂടെ പഠിക്കുന്നു
- ഗണിതലാബ് സജ്ജീകരിക്കുന്നു
- ഗണിത പഠനോപകരണങ്ങളുടെ ശില്പശാല സംഘടിപ്പിക്കുന്നു.
- ഗണിത ശേഷികളുടെ പ്രകടനത്തിനായി ഗണിതമേള സംഘടിപ്പിക്കുന്നു.